(iii) ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുകയും അവരുടെ വീടുകളിലെ വൈദ്യുതി ഉപഭോഗം 20 ശതമാനമെങ്കിലും കുറപ്പിക്കുകയും അതുവഴി ഏറ്റവുംകൂടുതൽ വൈദ്യുതിലാഭം വരുത്തുകയും ചെയ്യുന്ന ഓരോ റവന്യൂ ജില്ലയിലെയും ആദ്യത്തെ പത്ത് സ്കൂളുകൾക്ക് ഗ്രിഡുമായി ബന്ധിപ്പിക്കാവുന്ന (ഗ്രിഡ് ടൈഡ്) അഞ്ച് കിലോവാട്ടിന്റെ സൗരോർജ്ജ പ്ലാന്റ്.

(iv) 20 ശതമാനത്തിൽ കൂടുതൽ വൈദ്യുതി ലാഭം വരുത്തുകയും എന്നാൽ സമ്മാനം ലഭിക്കാതെയും പോകുന്ന സ്കൂളുകൾക്ക് ഇതേ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പകുതി ചെലവ് കെഎസ്ഇബി വഹിക്കും. സമ്മാനാർഹരാകുന്ന സ്കൂളുകളിലെ ലാഭപ്രഭ കോ-ഓർഡിനേറ്റർമാരായ അദ്ധ്യാപകർക്ക് പ്രോക്സാഹനമായി ഓരോ സൗരോർജ്ജ റാന്തലും ബഹുമതിപത്രവും നൽകും.

(ബി) കേന്ദ്ര സർക്കാരിന്റെ നവീന-നവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെ സാമ്പത്തികസഹായത്തോടെ സംസ്ഥാനത്ത് 17 റിന്യൂവബിൾ എനർജി പാർക്കുകൾ അനെർട്ട് മുഖാന്തിരം സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ ഒരെണ്ണം സംസ്ഥാനതലത്തിലുള്ളതും 5 എണ്ണം ജില്ലാതലത്തിൽപ്പെട്ടതും 11 എണ്ണം വിവിധ സ്ഥാപനങ്ങൾക്കുള്ളതുമാണ്.

(സി) നിലവിൽ ശരാശരി പ്രസരണ-വിതരണ നഷ്ടം 15 ശതമാനത്തോളമാണ്.

വൈദ്യുത സ്രോതസ്സുകളുടെ ഉൽപ്പാദനശേഷിയും ഉൽപ്പാദനവും

4 (6455) ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതിബോർഡ് വൈദ്യുതോല്പാദനത്തിന് ഉപയോഗപ്പെടുത്തുന്ന സ്രോതസ്സുകളിൽ നിന്ന് പരമാവധി ഊർജ്ജോല്പാദനം നടത്താൻ സാധിക്കുന്നുണ്ടോ ; ഓരോ സ്രോതസ്സിൽ നിന്നും ഉല്പാദിപ്പിക്കാനാവുന്നതും ഇപ്പോൾ ഉല്പാദിപ്പിക്കുന്നതുമായ ഊർജ്ജത്തിന്റെ അളവ് സംബന്ധിച്ച വിശദവിവരം നല്കുമോ ;

(ബി) വൈദ്യുതിബോർഡ് ഇതുവരെ വ്യാവസായികമായി ചൂഷണം ചെയ്യാത്ത മറ്റേതെങ്കിലും ഊർജ്ജ സ്രോതസ് സംസ്ഥാനത്ത് ലഭ്യമാണോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നല്കുമോ ;

(സി) പ്രസ്തുത സ്രോതസ്സുകൾ ഇതുവരെയും ചൂഷണം ചെയ്യാനാവാത്തതിന്റെ കാരണം വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിശദവിവരം ചുവടെ ചേർക്കുന്നു :

സ്രോതസ്	പ്രതിദിനം പരമാവധി ഉൽപാദിപ്പിക്കാവുന്നത് ദശലക്ഷം യൂണിറ്റ്	ഇപ്പോൾ പ്രതിദിനം ഉൽപ്പാദിപ്പിക്കുന്നത് ദശലക്ഷംയൂണിറ്റ്	പരമാവധി ഉല്പാദനം നടത്താതിന്റെ കാരണം
ജല വൈദ്യുതി	40	24.00	ജലലഭ്യതയും വാർഷികാവശ്യകതയുകണക്കിലെടുത്താൽ പ്രതിദിനം ശരാശരി ഉല്പാദനം 15.05 ദശലക്ഷം യൂണിറ്റാണ് വേണ്ടത്
താപ വൈദ്യുതി	3.45	0.733	വില കൂടുതലായതിനാൽ അത്യാവശ്യഘട്ടങ്ങളിൽ മാത്രംഉപയോഗിക്കുന്നു.
കാറ്റ്	0.0066	0.0045	കാറ്റിന്റെ ഗതിക്കനുസരിച്ച് മാത്രമേ ഉൽപ്പാദനം നടത്താനാവൂ.

(ബി) സോളാർ, ബയോവേസ്റ്റ് (ജൈവമാലിന്യം) വേവ്&ടൈഡൽ (തിരമാലയിൽനിന്നുള്ള പദ്ധതി) ഗ്യാസ് ബേസ്ഡ് പദ്ധതികൾ എന്നിവയാണ് വൈദ്യുതി ബോർഡ് ഇതുവരെ വ്യാവസായികമായി ചൂഷണം ചെയ്യാത്ത പദ്ധതികൾ.

(സി) സോളാർ പദ്ധതി ഗ്രിഡുമായി ബന്ധിപ്പിക്കുന്ന നടപടികൾ നടന്നുവരികയാണ്. വ്യാവസായികമായി ഊർജ്ജ സ്രോതസ്സുകൾ ചൂഷണം ചെയ്യുന്നതിനും അവ ലാഭകരമായി ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള സാങ്കേതിക വിദ്യയും പരിസ്ഥിതിദൂഷണം ഉണ്ടാകാതെ ഊർജ്ജം കേന്ദ്രീകൃതമായ രീതിയിൽ ലഭ്യമാക്കുന്നതിനുള്ള സ്രോതസ്സുകളുടെ അഭാവവുമാണ് ഇതിനുള്ള കാരണം.

LIBRARY ARCHIVES Kerala Legislative Assembly